21-6-2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ, റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്. ക്യാമറ, തോക്ക്, ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് നെറ്റ്വർക്ക് എന്നിവ വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പാതയോരങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ

278 (3790) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും പ്രധാന വീഥികളിലെങ്കിലും ഇവ മുറിച്ച് മാറ്റി സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) മുറിച്ച് മാറ്റുന്ന മരങ്ങൾക്ക്പകരമായി ഔഷധ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്കെടുപ്പ് ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്.

(ബി) ജീവനും സ്വത്തിനും അപകടകരമായി നിരത്തുവക്കിൽ നിൽക്കുന്ന മരങ്ങളെ അതാതു സ്ഥാപന അധികാരികളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ദ്രുതഗതിയിൽ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) 21-4-2010-ലെ ജി.ഒ. (ആർ റ്റി.) 172/2010/വനം പ്രകാരം മുറിച്ചു മാറ്റുന്ന ഓരോ മരങ്ങൾക്കും പകരമായി 10 മരങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് നിഷ്കർച്ചിട്ടുണ്ട്. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന മരങ്ങളിൽ ഔഷധ വൃക്ഷങ്ങളും നട്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly